# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2304** — **15.07.11-ൽ മറുപടിക്ക്**

**ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം തടസ്സപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്താണ് തടസ്സ കാരണം ; | (എ) ആലപ്പുഴ ബൈപ്പാസിൽ നിലവിലുണ്ടായിരുന്ന ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും പണികൾ പൂർത്തിയായി. ഇപ്പോൾ രണ്ട് റെയിൽവേ ഓവർ ബ്രിഡ്ജും അതിനോടനുബന്ധിച്ച് നാലുവരിപ്പാതയും ബീച്ച് ഭാഗത്ത് എലിവേറ്റഡ് ഹൈവേയും നിർമ്മിക്കുന്നതിനായി 286.58 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിച്ചാൽ മാത്രമേ തുടർ നടപടി തുടങ്ങാനാകു. |
| (ബി) ഇതിനായി കേന്ദ്രഗവൺമെന്റ് പണം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് തുക അനുവദിച്ചു ; എന്നാണ് അനുവദിച്ചത് ; തുക സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടോ ; | (ബി) പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണത്തിനായി 221 കോടി രൂപയുടെ "Revised in Principle Approval" കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 27.01.2011-ലെ RW/NH-12037/434/2009-KL(P7) എന്ന കത്ത് പ്രകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 13.07.2011-ലെ RW/NH-12014/14/2011-KL(P7) കത്തു പ്രകാരം കേരളത്തിൽ നിന്ന് സമർപ്പിച്ച എസ്റ്റിമേറ്റ് സംബന്ധിച്ച് ചില സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ഏതാനും മാസങ്ങൾക്ക് മുമ്പ് തുക അനുവദിച്ചതായുള്ള ഒരു കേന്ദ്ര മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | (സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ